**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2008** **29-09-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ തീരദേശ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ തീരദേശ റോഡുകളുടെ നിർവഹണ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഉപ്പള ടൗൺ റെയിൽവേ സ്റ്റേഷൻ റോഡ് പൈതൃക രീതിയിൽ നവീകരണം പ്രവൃത്തിയ്ക്കായി 75.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഓരോ റോഡുകളുടെയും പ്രവൃത്തി എപ്പോൾ തുടങ്ങി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ; | (ബി) | സംസ്ഥാന സർക്കാർ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഉപ്പള ടൗൺ റെയിൽവേ സ്റ്റേഷൻ റോഡ് പൈതൃക രീതിയിൽ നവീകരണം പ്രവൃത്തിയ്ക്കായി 75.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (സി) | നവകേരള സദസ്സിന്റെ ഭാഗമായി നടപ്പിലാക്കുന്ന മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികളുടെ അന്തിമ ലിസ്റ്റിൽ അംഗീകരിച്ചു നൽകിയ പ്രവൃത്തികളിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കടമ്പാർ മച്ചമ്പാടി റോഡ്, മുട്ടം - ബേരിക്ക - പെരിങ്കടി കടപ്പുറം - മണിമുണ്ട കണ്ണങ്കുളം - മുസോടി ഹാർബർ റോഡ് പദ്ധതികളുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ